വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

അടിച്ചിൽത്തൊട്ടി കോളനി റോഡ് നിർമ്മാണം

263 (3425) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി-ആനമല റോഡിൽ നിന്നും അടിച്ചിൽത്തൊട്ടി കോളനിയിലേക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ നീക്കി, നിർമ്മാണം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അടിച്ചിൽത്തൊട്ടി കോളനിയിലേക്കുള്ള റോഡ് നിർമ്മാണത്തിന്റെ പ്രതല മുപ്പർ ജില്ലാ കളക്ടറെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി&സി) നിർമ്മാണ പ്രവർത്തനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികൾ

264 (3426) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികവർഗ്ഗക്ഷേമത്തിനായി ഓരോ വർഷവും നടപ്പാക്കിയ പദ്ധതികളുടെ പേരും അതിന്റെ നടത്തിപ്പിനായി നീക്കി വച്ച ബഡ്ജറ്റ് വിഹിതവും പ്ലാൻ, നോൺ പ്ലാൻ തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളിൽ ഉണ്ടായ ചെലവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) ഓരോ വർഷവും ലാപ്സായ തുക ഓരോ പദ്ധതിയിലും എത്രയെന്ന് പറയാമോ;

(സി) ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് മാറ്റിവച്ച പദ്ധതികൾ ഉണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അവയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ് അവയിലുള്ള വകയിരുത്തലിന്റെ വെപ്പും വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി 2011-12 വർഷം മുതൽ 2015-16 വരെയുള്ള വർഷം വരെ പ്ലാൻ, നോൺ പ്ലാൻ പദ്ധതിയിൽ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം വർഷം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) വിവരം ശേഖരിച്ചു വരികയാണ്.

(സി&ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബാധ്യതയിൽ വരുന്നവ പദ്ധതികളില്ല.

ഭാരത ദർശൻ യാത്ര

265 (3428) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബാബു പാലിശ്ശേരി :
ശ്രീ. കൈതമുള്ള് ഇബ്രാഹിം :
ശ്രീ. വി. ടി ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവകുപ്പും മന്ത്രിമാർ വകുപ്പുതിരിച്ച് സഭയെ മറുപടി നൽകുമോ:

(എ) യുവജനങ്ങളെ ലക്ഷ്യമിട്ട് ഭാരത ദർശൻ യാത്രയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇതിനായി ആരെയെല്ലാമാണ് തെരഞ്ഞെടുക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) എന്തൊക്കെ കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

1. ഗ്രാമീണ വിഭാഗത്തിൽപ്പെട്ട ഭാരത് ദർശൻ യാത്രയാണ് ആദ്യമുണ്ടായത്. ഇതിൽ കേരളത്തിലെ യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകരെയാണ് പ്രധാനമായും തിരഞ്ഞെടുത്തിട്ടുള്ളത്. അതോടൊപ്പം നടപ്പാക്കുന്ന കോളേജുകളിൽ, സ്കൂൾ, സ്കൗട്ട് ആന്റ് ഗൈഡ് യൂണിറ്റുകൾ തുടങ്ങിയവരേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

* ഇംഗ്ലീഷിൽ നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly